## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 378** **06.02.2013-ൽ മറുപടിയ്ക്ക്**

## വൈദ്യുത മേഖലയിൽ ഫിനാൻഷ്യൽറീസ്ട്രക്ചറിംഗ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുത മേഖലയിൽ ഫിനാൻഷ്യൽ റീസ്ട്രക്ചറിംഗ് പദ്ധതി കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) ഇതു സംബന്ധിച്ച് ഊർജ്ജ വകുപ്പ് സെക്രട്ടറി കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടോ;<br>(സി) എങ്കിൽ അത് സംസ്ഥാന സർക്കാരിന്റെ അറിവോടെയാണോ; | (എ) (ബി) & (സി) | ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾ ക്കായി ഒരു സാമ്പത്തിക പുന:രുദ്ധാരണ പദ്ധതി (Financial Re-structuring Scheme) യ്ക്ക് കേന്ദ്ര സർക്കാരിൻെറ ഊർജ്ജ മന്ത്രാലയം രൂപം നൽകുകയുണ്ടായി.<br>സംസ്ഥാന വിതരണ കമ്പനി കൾക്ക് ഈ സ്കീമിൽ ചേരുന്നതിന് 31-12-2012 വരെ മാത്രമേ അവസരമുണ്ടാ യിരുന്നുള്ളൂ. സ്കീമിൽ ചേരുന്നതു സംബ ന്ധിച്ച 'തത്വത്തിലുള്ള' സന്നദ്ധത ഒരാഴ്ച്ച യ്ക്കകം അറിയിക്കണമെന്ന് 2012 നവംബർ 14-ലെ കത്തു പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു.<br>ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം 17-12-2012-ലെ 8131/സി1/12/ഊ.വ നമ്പർ കത്തിലൂടെ സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) കേരളത്തിൽ വി.കെ.ശുക്ള കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ഇ) വി.കെ.ശുക്ള കമ്മിറ്റി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മെട്രോ നഗരങ്ങളിൽ വൈദ്യുതി വിതരണം സ്വകാര്യ കമ്പനികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) & (ഇ) | വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി പഠിക്കാൻ കേന്ദ്ര ആസൂത്രണ കമ്മീഷൻ നിയോഗിച്ച വി. കെ. ഷുംഗ്ളു കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള പട്ടണങ്ങളിലെ സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനായി ഫ്രാഞ്ചൈസി സംവിധാനം ഏർപ്പെടുത്തണമെന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. കേരളത്തിൽ പൊതുമേഖലയിൽ തന്നെ പ്രസരണ-വിതരണ |

നഷ്ടം ഗണ്യമായി കുറച്ചു കൊണ്ടുവന്ന സാഹചര്യത്തിൽ പ്രസ്തുത ശുപാർശ കേരളത്തിന് ബാധകമാകുമെന്ന് കരുതുന്നില്ല.

പ്ളാനിംഗ് കമ്മീഷനോ, കേന്ദ്ര സർക്കാരോ ടി റിപ്പോർട്ട് അംഗീകരിക്കുകയോ ആയത് നടപ്പാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന് നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

(എഫ്) കേരളത്തിൽ 2013 ഏപ്രിൽ 1 മുതൽ വൈദ്യുതി ചാർജ്ജ് വർദ്ധന നടപ്പാക്കുമോ?

(എഫ്) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള അധികാരം സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഇപ്പോഴത്തെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും വരും വർഷത്തിൽ പ്രതീക്ഷിക്കുന്ന (2013-14) വരുമാന കമ്മിയായ 2758.67 കോടി രൂപയും കണക്കിലെടുത്ത് അടുത്ത സാമ്പത്തിക വർഷം മുതൽ (2013 ഏപ്രിൽ 1 മുതൽ ഏകദേശം 1573.54 കോടി രൂപ വൈദ്യുതി നിരക്ക് വർദ്ധനയിൽ കൂടി കണ്ടെത്തണമെന്നുള്ള ആവശ്യം സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് മുൻപിൽ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.